"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - വൈക്കം മുൻസിപ്പാലിറ്റി ഓഫീസിൽ റവന്യു ഇൻസ്പെക്ടർ/അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ടിക്കുന്ന ശ്രീ.ജയരാജ്.ഒ.വി - കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു)വകുപ്പ്**

സ.ഉ.(സാധാ) നം.380/2026/LSGD തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:- 1. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 29.12.2025 തീയതിയിലെ കത്ത്.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 01.02.2026-ലെ LSGD/PD/2483/2026-DEB4 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ പി.എ. തസ്തികയിലേക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ കോട്ടയം ജില്ലയിലെ വൈക്കം മുൻസിപ്പാലിറ്റി ഓഫീസിൽ റവന്യു ഇൻസ്പെക്ടർ/അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ടിച്ച് വരുന്ന ശ്രീ.ജയരാജ്.ഒ.വി-യെ നിയമിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയർ പരാമർശം (1) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. ശ്രീ.ജയരാജ്.ഒ.വി-യ്ക്ക് മേൽ തസ്തികയിൽ നിയമനം നൽകാവുന്നതാണെന്നു പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ വൈക്കം മുൻസിപ്പാലിറ്റി ഓഫീസിൽ റവന്യു ഇൻസ്പെക്ടർ/അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ടിച്ച് വരുന്ന ശ്രീ.ജയരാജ്.ഒ.വി (G-53222)-യെ

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ പി.എ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ കേരള സേവന ചട്ടങ്ങൾ ഭാഗം I ചട്ടം 144 ലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിനുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിയ്ക്കുന്നതല്ല. ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്ന് വിലക്ക് ഏർപ്പെടുത്തേണ്ടതുമാണ്. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**LALI K**
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
മേയർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.ജയരാജ്.ഒ.വി (പ്രിൻസിപ്പൽ ഡയറക്ടർ, മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 13-02-2026 15:07:20

സെക്ഷൻ ഓഫീസർ